കർണ്ണാടക നിയന്ത്രണം കർശനമാക്കി; മംഗലാപുരം, ബെംഗളൂരു, മൈസൂർ കെ.എസ്.ആർ.ടി.സി സർവ്വീസുകളുടെ വിശദ വിവരങ്ങൾ ഇതാ...

നിയമസഭാ തെരഞ്ഞെടുപ്പ് ഫലം അവലോകനം ചെയ്യാനായി ചേർന്ന മുസ്‌ലിം ലീഗ് സംസ്ഥാന ഭാരവാഹി യോഗത്തിൽ നടന്നത് അസാധാരണ ചർച്ചകൾ. പതിവിൽ നിന്ന് വ്യത്യസ്തമായി പത്ത് മണിക്കൂർ നീണ്ട യോഗത്തിൽ പി.കെ കുഞ്ഞാലിക്കുട്ടിയെ കടന്നാക്രമിച്ചുള്ള വിമർശനം ഉയർന്നു. കെ.എം ഷാജി, കെ.എസ് ഹംസ, പി.എം സാദിഖലി, എം.സി മായിൻഹാജി എന്നിവരാണ് കുഞ്ഞാലിക്കുട്ടിക്കെതിരെ ശക്തമായ വിമർശനമുയർത്തിയത്. പി കെ ഫിറോസ്, അബ്ദുറഹ്മാൻ കല്ലായി , നജീബ് കാന്തപുരം തുടങ്ങിയ നേതാക്കൾ കുഞ്ഞാലിക്കുട്ടിയെ പിന്തുണച്ച് രംഗത്ത് വന്നു.

പാർട്ടി മുഖപത്രമായ ചന്ദ്രികയുടെ അക്കൗണ്ടിൽ കള്ളപ്പണം വെളുപ്പിക്കുകയും ഹൈദരലി തങ്ങളെ ഇ.ഡി ചോദ്യം ചെയ്തതും വഴി പി കെ കുഞ്ഞാലിക്കുട്ടി പാർട്ടിയെ കൊലക്ക് കൊടുത്തെന്ന് കെ എസ് ഹംസ ആരോപിച്ചു. പാർട്ടി ഫണ്ട് സുതാര്യതയില്ലാതെ കുഞ്ഞാലിക്കുട്ടി കൈകാര്യം ചെയ്യുന്നതും കുഞ്ഞാലിക്കുട്ടി സംസ്ഥാന രാഷ്ട്രീയത്തിലേക്ക് മടങ്ങിയതിലുള്ള എതിർപ്പും കെ എം ഷാജി ഉന്നയിച്ചു.

സമുദായപ്രശ്നങ്ങളിൽ നിലപാടെടുക്കാത്തത് മൂലം പാർട്ടിക്കുണ്ടായ പരിക്കാണ് എം.സി മായൻഹാജി സംസാരിച്ചത്. യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ ഫിറോസ്, പി.കെ കുഞ്ഞാലിക്കുട്ടിയെ ശക്തമായി പിന്തുണച്ചു. എന്നാൽ യൂത്ത് ലീഗ് യോഗത്തിൽ ഉയർന്ന വിമർശനങ്ങൾ റിപ്പോർട്ടായി നൽകുമെന്ന് പ്രസിഡണ്ട് മുനവ്വറലി തങ്ങൾ പറഞ്ഞു. പാർട്ടിക്ക് വേണ്ടി ചെയ്ത സേവനങ്ങളും ത്യാഗങ്ങളും എണ്ണിപ്പറഞ്ഞ കുഞ്ഞാലിക്കുട്ടി വൈകാരികമായാണ് മറുപടി നൽകിയത്. ഹൈദരലി തങ്ങൾ ചികിത്സയിലായതിനാൽ സാദിഖലി തങ്ങളുടെ അധ്യക്ഷതയിലായിരുന്നു യോഗം.

ചർച്ചയുടെ വിശദാംശങ്ങൾ:

പി.എം സാദിഖലി: മുസ്‌ലിം ലീഗിന്റെ ഉടമസ്ഥാവകാശം ഏതെങ്കിലും വ്യക്തി ഏറ്റെടുക്കേണ്ടതില്ല. ബാഫഖി തങ്ങളും സീതി സാഹിബും ഉണ്ടാക്കിയ പാർട്ടിയാണിത്. അന്ന് മുതൽ പാർട്ടിക്കൊപ്പം ജനങ്ങളുണ്ട്. ഇപ്പോഴുള്ളവർ അതിലേക്ക് ഒന്നും കൂട്ടിച്ചേർത്തിട്ടില്ല. അതിനാൽ തന്നെ അവകാശിയായി ആരും വരേണ്ടതില്ല. കുഞ്ഞാലിക്കുട്ടി ദേശീയ രാഷ്ട്രീയത്തിൽ നിന്നും കേരളത്തിലേക്ക് തിരിച്ച് വന്നത് കൊണ്ടാണ് നിയമസഭാ തെരഞ്ഞെടുപ്പ് തോറ്റതെന്ന നിലപാട് എനിക്കില്ല. എന്നാൽ പി.കെ കുഞ്ഞാലിക്കുട്ടി എം.എൽ.എ സ്ഥാനം രാജിവെച്ച് ഡൽഹിക്ക് പോയത് എന്തിനാണെന്ന് വ്യക്തമാക്കണം. ഡൽഹിയിൽ നിന്ന് മടങ്ങിയത് എന്തിനാണെന്നും ജനങ്ങളോട് പറയണം. പോയതിന്റെ ലക്ഷ്യം പൂർത്തിയാക്കിയോ ?. ചെറുപ്പക്കാരുടെ ഇടയിലുള്ള ഇത്തരം ചോദ്യങ്ങൾ അഭിസംബോധന ചെയ്യാതെ പാർട്ടിക്ക് മുന്നോട്ട് പോകാനാകില്ല.



എം.കെ മുനീർ: പാണക്കാട് കുടുംബത്തിൽ ജനങ്ങൾക്കും സമുദായത്തിനും ഒരു വിശ്വാസമുണ്ട്. ആ വിശ്വാസ്യത കാത്ത് സൂക്ഷിക്കാൻ പാണക്കാട് കുടുംബത്തിന് ബാധ്യതയുണ്ട്. അതുണ്ടായില്ലെങ്കിൽ പടച്ചവൻ ചോദിക്കും. തങ്ങൾ കുടുംബം ഉത്തരവാദിത്തം നിർവഹിക്കണം. ബാധ്യത നിർവഹിക്കുന്നതിൽ വിട്ടുവീഴ്ച പാടില്ല. നേതൃത്വത്തിൽ നിന്ന് നീതി കിട്ടിയില്ലെങ്കിൽ അണികൾ കൊഴിഞ്ഞു പോകും.

പി.കെ ബഷീർ: പാർട്ടിയിലെ കാര്യങ്ങൾ തീരുമാനിക്കുന്നത് ആരാണെന്ന കാര്യത്തിൽ വലിയ സംശയങ്ങൾ സമൂഹത്തിലുണ്ട്. സംസ്ഥാന ജനറൽ സെക്രട്ടറി ആയിരുന്ന കെ.പി.എ മജീദിന് സ്ഥാനാർഥിയാകണോ എന്ന് ചോദിച്ചത് ഒരു ഫർണീച്ചർ വ്യാപാരിയാണ്. എന്തൊരു സ്ഥിതിവിശേഷമാണിത്.

കെ എം ഷാജി: നിയമസഭാ തെരഞ്ഞെടുപ്പിൽ കുഞ്ഞാലിക്കുട്ടി മത്സരിക്കരുതെന്ന് അദ്ദേഹത്തോടും ഹൈദരലി തങ്ങളോടും സാദിഖലി തങ്ങളോടും ഞാൻ പറഞ്ഞിട്ടുണ്ട്. യുഡിഎഫ് വിജയിച്ചാൽ അദ്ദേഹത്തിന് മത്സരിച്ച് മന്ത്രിയാകാനുള്ള അവസരമുണ്ടാകണം എന്ന നിലപാടും ഞാനെടുത്തു.

ഇതൊന്നും പരിഗണിക്കാതിരുന്നത് ഗുരുതര പ്രത്യാഘാതമുണ്ടാക്കി. കുഞ്ഞാലിക്കുട്ടി മടങ്ങിവന്ന സാഹചര്യം ഇപ്പോഴും പാർട്ടിയിൽ വിശദീകരിച്ചിട്ടില്ല. കുഞ്ഞാലിക്കുട്ടിയെ പിന്തുണച്ച് ഫേസ്ബുക്ക് പോസ്റ്റിടാൻ എന്നോട് ആവശ്യപ്പെട്ടപ്പോൾ ഞാനത് നിരാകരിച്ചു. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പാർട്ടിക്ക് നേട്ടമുണ്ടാക്കാനായത് പ്രാദേശിക നേതാക്കളുടെ മികവാണ്. സംസ്ഥാന നേതാക്കളുടെ വിശ്വാസ്യതക്കുറവാണ് നിയമസഭാ തെരഞ്ഞെടുപ്പ് തോൽക്കാൻ കാരണം. ദേശീയ സംസ്ഥാന നേതാക്കൾ കപടരാണെന്ന് പ്രവർത്തകരും ജനങ്ങളും വിശ്വസിക്കുന്നുണ്ട്.

പാർട്ടി ഫണ്ട് ഒരാൾ തനിച്ച് കൈകാര്യം ചെയ്യേണ്ടതല്ല. എല്ലാവരെയും അറിയിച്ചില്ലെങ്കിലും നാലോ അഞ്ചോ പേരെങ്കിലും കണക്ക് അറിഞ്ഞിരിക്കണം. പടച്ചവനോട് മറുപടി പറയേണ്ടി വരും എന്ന കാര്യമെങ്കിലും നേതൃത്വത്തിന് ബോധ്യമുണ്ടാകണം. പാർട്ടി ഫണ്ട് വിനിയോഗത്തെക്കുറിച്ച് തനിക്ക് ഒന്നുമറിയില്ല എന്നാണ് അബ്ദുൽ വഹാബ് പറയുന്നത്. അതൊരു മേൻമയല്ല. അറിയാനും പാർട്ടിയെ അറിയിക്കാനും ഇടപെടുകയാണ് വഹാബ് ചെയ്യേണ്ടത്.

പാർട്ടിയിൽ ഒരു ചർച്ചയും നടക്കുന്നില്ല. കുഞ്ഞാലിക്കുട്ടിയുടെ വീട്ടിൽ ചായ അടിക്കുന്നവൻ അറിയുന്ന കാര്യങ്ങൾ പോലും സെക്രട്ടേറിയേറ്റ് അംഗങ്ങൾ അറിയുന്നില്ല. സ്ഥാനാർഥി നിർണയം അടക്കമുള്ള കാര്യങ്ങൾ ഇവരാണ് ആദ്യം അറിയുന്നത്. കെ.പി.എ മജീദിനോട് സ്ഥാനാർഥിത്വം വേണോ എന്ന് ചോദിച്ചത് പോലെ എന്നോട് ഏതെങ്കിലും മുതലാളി ചോദിച്ചിരുന്നെങ്കിൽ അടിച്ച് ചെവിക്കല്ല് ഞാൻ പൊട്ടിക്കും. അഴീക്കോട് തോൽക്കും എന്ന് ഞാൻ നേരത്തേ പറഞ്ഞതാണ്. എന്നെ നിർബന്ധിച്ച് അവിടെ തന്നെ മത്സരിപ്പിച്ചു.

ഞാൻ സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ബാധ്യത പാർട്ടി ഏറ്റെടുക്കണമെന്നും ഞാൻ നേരത്തേ പറഞ്ഞതാണ്. എന്നാൽ എല്ലാ സ്ഥാനാർഥികൾക്കും നൽകിയ പണം എനിക്ക് ലഭിച്ചില്ല. എനിക്കെതിരെ കള്ളപ്രചാരണം പാർട്ടിയിൽ തന്നെ നടക്കുന്ന സ്ഥിതിയുമുണ്ടായി. പതിനാറ് പേർ ഇരുന്ന് വാർത്താസമ്മേളനം നടത്തുന്ന ഏർപ്പാട് ലീഗിൽ മാത്രമാണുള്ളത്. ചാനൽ മൈക്ക് അങ്ങോട്ടും ഇങ്ങോട്ടും വലിച്ച് കേടുവരുത്തുകയാണ്. ചാനലുകാർ കേസ് കൊടുക്കാൻ സാധ്യതയുണ്ട്. പാർട്ടിക്ക് ഒരു വക്താവിനെ വെക്കാൻ തയ്യാറാകണം.

പാർട്ടിയുടെ ദേശീയ തലത്തിലെ പ്രവർത്തനം എന്ന് പറഞ്ഞ് ചിലർ ഡൽഹിയിൽ പോയി കിടന്നുറങ്ങുകയാണ്. നാല് കമ്പിളിപ്പുതപ്പ് ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ കൊടുത്താൽ ദേശീയ പ്രവർത്തനമാകില്ല. കുറഞ്ഞത് കർണാടകത്തിലെങ്കിലും പാർട്ടിയെ ഗൗരവത്തോടെ സംഘടിപ്പിക്കണം. ദേശീയ തലത്തിലും അന്തർദേശീയ വിഷയങ്ങളിലും പാർട്ടിക്ക് നയവും നിലപാടുമാണ് ആദ്യം രൂപീകരിക്കേണ്ടത്. സംഘപരിവാറിനോട് സമവായം പറ്റില്ല. യുഡിഎഫിന് ഭരണം കിട്ടാത്തതിൽ ഞാൻ സന്തോഷവാനാണ്. കിട്ടിയിരുന്നെങ്കിൽ ഇതുപോലെ കൂടിയിരിക്കുമായിരുന്നില്ല. ഏതെങ്കിലും മന്ത്രിയുടെ വീട്ടിൽ സദ്യയും അടിച്ചു സൂപ്പിന്റെ മാഹാത്മ്യം പറയുന്ന തിരക്കിലാകും നമ്മൾ. തോൽവി പഠിക്കാൻ പാർട്ടി സമിതിയെ നിശ്ചയിക്കണം. ഓരോ ജില്ലയിലും പോയി തെളിവെടുക്കണം.

പാർട്ടിക്ക് ഒരു സ്ട്രക് ചർ ഉണ്ടാക്കണം. ഭരണഘടന ലീഗാപ്പീസിലും നമ്മൾ റോഡിലും എന്ന രീതി പറ്റില്ല. യൂത്ത് ലീഗിൽ സീനിയർ വൈസ് പ്രസിഡണ്ട് ഒക്കെ ഉണ്ടായത് ഏത് ഭരണഘടന നോക്കിയാണ്. രണ്ട് തവണ ലീഗ് ഹൗസിൽ വന്നാൽ വർക്കിങ് കമ്മിറ്റിയിൽ അംഗമാകുന്ന സ്ഥിതിയാണ്. പെൺകുട്ടികളെയും സ്ത്രീകളെയും അഭിസംബോധന

ചെയ്യാതെ പാർട്ടിക്ക് മുന്നോട്ടു പോകാനാകില്ല.



കെ എസ് ഹംസ: ആറ് മാസമായി സംസ്ഥാന ഭാരവാഹി യോഗം കൂടിയിട്ടില്ല. പാർട്ടി കാര്യങ്ങളെല്ലാം ഉന്നതാധികാര സമിതിയിലെ പന്ത്രണ്ട് പേർ മാത്രം തീരുമാനിക്കുകയാണ്. ചന്ദ്രികയുടെ അക്കൗണ്ടിൽ കള്ളപ്പണം വെളുപ്പിച്ചത് ഗുരുതര വിഷയമാണ്. ലീഗുകാരുടെ കള്ളപ്പണം വെളുപ്പിക്കാനുള്ള കേന്ദ്രമായി ചന്ദ്രിക മാറി. ഹൈദരലി തങ്ങളെ ഇ.ഡി ചോദ്യം ചെയ്യുന്ന സ്ഥിതിയുണ്ടായി. തങ്ങളുടെ ആരോഗ്യ സ്ഥിതി മോശമാകാൻ കാരണം ഇതാണ്. പാണക്കാട് കുടുംബത്തെ ഇ.ഡി ചോദ്യം ചെയ്തതിലൂടെ തങ്ങളെയും പാർട്ടിയെയും കുഞ്ഞാലിക്കുട്ടി കൊലക്ക് കൊടുത്തു.

രാമനാട്ടുകരയിൽ ചന്ദ്രികക്കായി വാങ്ങിയ ഭൂമിയുടെ നല്ല ഭാഗങ്ങൾ എങ്ങോട്ട് പോയി? ചന്ദ്രികക്ക് ലഭിച്ചത് കണ്ടൽക്കാട് നിറഞ്ഞ ഭാഗമാണ്. ചന്ദ്രികയുടെയും ലീഗിന്റെയും ഫണ്ടിൽ നിന്ന് എടുത്ത് വാങ്ങിയ ഭൂമിയാണത്. കുഞ്ഞാപ്പ മത്സരിച്ചത് കൊണ്ടാണ് നിയമസഭാ തെരഞ്ഞെടുപ്പ് തോറ്റത്. കുഞ്ഞാലിക്കുട്ടി - അമീർ -ഹസ്സൻ എന്ന എൽ.ഡി.എഫ്

പ്രചാരണത്തിന് അവസരമൊരുക്കിയത് ഈ നടപടിയാണ്. എൽ.ഡി.എഫ് ദുർബല സ്ഥാനാർഥിയെ നിർത്തി കുഞ്ഞാലിക്കുട്ടിയെ സഹായിച്ചു. എന്നാൽ എൽ.ഡി.എഫ് ഒരുക്കിയ കെണി കുഞ്ഞാലിക്കുട്ടിക്ക് തിരിച്ചറിയാനായില്ല. അഞ്ച് വർഷത്തിനിടെ നാല് തവണ സത്യപ്രതിജ്ഞ ചെയ്ത കുഞ്ഞാലിക്കുട്ടിയുടെ നടപടി അപഹാസ്യമാണ്.

ഭരണഘടനാപരമായ അധികാരമില്ലാത്ത സമിതിയാണ് ഉന്നതാധികാര സമിതി. അത് ഒഴിവാക്കണം. വർക്കിംഗ് കമ്മിറ്റിയുടെ അജണ്ട പോലെയുള്ള കാര്യങ്ങൾ നിശ്ചയിക്കാനുള്ള സെക്രട്ടേറിയറ്റിന്റെ അവകാശവും കവർന്നെടുക്കപ്പെടുകയാണ്. സ്ഥാനാർഥികളെ നിർണയിച്ചത് സുതാര്യമായല്ല. പേരാമ്പ്ര അടക്കം നാല് സീറ്റുകൾ പേമെന്റ് സീറ്റാണ്. തെക്കൻ കേരളത്തെ പാടെ അവഗണിച്ചു. ഒമ്പത് ജില്ലകളിൽ നിന്ന് ഒരാൾക്കും സീറ്റ് നൽകിയില്ല.

പി.വി അബ്ദുൽ വഹാബ്: പാർട്ടി ഫണ്ടിന്റെ വിനിയോഗത്തെക്കുറിച്ച് എനിക്ക് ഒരു അറിവുമില്ല.

എം.സി മായിൻഹാജി: ഉന്നതാധികാര സമിതി ഭരണഘടനയിലുള്ള ബോഡിയാണോ? ഇല്ല എന്നും ഉണ്ട് എന്നും കേൾക്കുന്നു. അതിൽ വ്യക്തത ഉണ്ടാക്കണം. സാമുദായിക പ്രശ്നങ്ങളിൽ പാർട്ടി വ്യക്തമായ നിലപാടെടുക്കണം. വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം നടക്കണം. സംസ്ഥാന ജനറൽ സെക്രട്ടറിയുടെ കാര്യത്തിൽ അനിശ്ചിതത്വം ഉണ്ടാകരുത്. ആർക്കെങ്കിലും ചാർജ് നൽകുന്നത് ശരിയല്ല. സാമ്പത്തിക കാര്യങ്ങളിൽ സുതാര്യത വേണം. ഇടപാടുകൾ സുതാര്യമാകണം.

കെ.പി.എ മജീദ്: ജനറൽ സെക്രട്ടറി എന്ന നിലയിലുള്ള

ഇടപാടുകളെല്ലാം സുതാര്യമായാണ് നടത്തിയത്. എല്ലാത്തിനും കണക്ക് സൂക്ഷിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് ഫണ്ട് പോലുള്ള കാര്യങ്ങൾ എനിക്കറിയില്ല.

പി.കെ ഫിറോസ്: പാർട്ടിക്കായി ഏറെ ത്യാഗങ്ങൾ സഹിച്ച നേതാവാണ് കുഞ്ഞാലിക്കുട്ടി. കുഞ്ഞാലിക്കുട്ടിയല്ലാതെ ആർക്കാണ് പാർട്ടിയെ നയിക്കാൻ ശേഷിയുള്ളത്. ഫണ്ട് കണ്ടെത്തുന്നത് ആരാണ്. ഫണ്ട് വാങ്ങി ഉപയോഗിക്കുന്നവർ പണം എങ്ങനെ ഉണ്ടാകുന്നുവെന്ന് അന്വേഷിക്കാറുണ്ടോ. വേറെ ആരും അദ്ദേഹത്തെ സഹായിക്കുന്നില്ല. പാർട്ടിയിലും പുറത്തും കുഞ്ഞാലിക്കുട്ടിയെ വേട്ടയാടുകയാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തോറ്റത് കുഞ്ഞാലിക്കുട്ടി മടങ്ങി വന്നത് കൊണ്ടാണോ? ഉന്നതാധികാര സമിതിയിലുള്ളവർ പാർട്ടി പദവികൾ പങ്കിട്ടെടുക്കുന്നു എന്ന വിമർശനം യൂത്ത് ലീഗ് യോഗത്തിൽ ഉയർന്നിട്ടുണ്ട്. ചിലർ മാധ്യമങ്ങളിൽ പരസ്യ അഭിപ്രായ പ്രകടനം നടത്തി പാർട്ടിക്ക് ക്ഷീണമുണ്ടാക്കി .

നജീബ് കാന്തപുരം: യൂത്ത് ലീഗിൽ സീനിയർ വൈസ് പ്രസിഡണ്ട് പദവി നേരത്തേയും ഉണ്ടായിട്ടുണ്ട്. ഇപ്പോൾ മാത്രം ചർച്ചയാക്കുന്നത് ശരിയല്ല. കുഞ്ഞാലിക്കുട്ടി പാർട്ടിക്ക് ചെയ്ത സേവനങ്ങളെ മറന്ന് വിമർശിക്കുന്നത് ന്യായമല്ല.



അബ്ദുറഹ്മാൻ കല്ലായി: കെ.എസ് ഹംസ പറഞ്ഞത് ചന്ദ്രികയെ തകർക്കുന്ന കാര്യങ്ങളാണ്. ഹംസക്കെതിരെ ശക്തമായ നടപടി വേണം.

പി.കെ കുഞ്ഞാലിക്കുട്ടി: ഇത് മാർക്സിസ്റ്റ് പാർട്ടിയുടെ യോഗമല്ലെന്ന് കെ.എസ് ഹംസ മനസിലാക്കണം. ചന്ദ്രികയുടെ അക്കൗണ്ടിൽ പത്ത് കോടി നിക്ഷേപിച്ചത് പത്രത്തിന് വേണ്ടി തന്നെയാണ്. പാർട്ടിയുടെ പണം കൊണ്ടല്ല ഞാൻ സമ്പന്നനായത്. പരമ്പരാഗതമായി എന്റെ കുടുംബം സ്വത്തുടമകളാണ്. എന്റെ മകനും നല്ല സമ്പത്തുണ്ട്. പാർട്ടി ഫണ്ടുണ്ടാക്കുന്നത് എങ്ങനെയെന്ന് ചിലർ ചോദിക്കുന്നു. എനിക്ക് അതിനുള്ള മിടുക്കുണ്ട്. വിമർശനങ്ങൾ ഉൾക്കൊള്ളുന്നു. ചന്ദ്രിക അക്കൗണ്ടിൽ വന്ന പണം ഇബ്രാഹിംകുഞ്ഞിന്റേതല്ല. ഹൈദരലി തങ്ങളെ ഇ.ഡി ചോദ്യം ചെയ്തിട്ടില്ല. അത്തരം പ്രചാരണങ്ങളെല്ലാം വസ്തുതാവിരുദ്ധമാണ്.

കെ.എം ഷാജി വിമർശനങ്ങൾ നേർക്കുനേരെ പറഞ്ഞു. ചിലർ പിന്നിൽ നിന്ന് കുത്തിയിട്ടുണ്ട്. സംഘടന നടത്താൻ ഞാൻ

കഷ്ടപ്പെടുകയാണ്. പുസ്തകം പഠിച്ചിട്ടല്ല ഞാൻ ലീഗായത്. പാരമ്പര്യമായി പാർട്ടിയിൽ വന്നതാണ്. എന്റെ പേരിൽ ഒരു പാട് കേസുണ്ട്. അഴിമതിക്കേസൊന്നുമില്ല.

സാദിഖലി തങ്ങൾ: വിമർശനങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടു പോകണം. അങ്ങനെ തന്നെ പോകും. പ്രശ്നങ്ങളെല്ലാം പരിഹരിക്കും. തോൽവി പഠിക്കാനും മുന്നോട്ട് പോകേണ്ട വഴി നിർദേശിക്കാനും സമിതിയെ ചുമതലപ്പെടുത്തുന്നു.

ഭാരവാഹി യോഗത്തിലേക്ക് യൂത്ത്ലീഗ് പ്രസിഡണ്ടിനെയും ജനൽ സെക്രട്ടറിയെയും ക്ഷണിച്ചതിന്റെ യുക്തി ഒരു വിഭാഗം നേതാക്കൾ സാദിഖലി തങ്ങളോട് ചോദ്യം ചെയ്തു. യോഗത്തിന്റെ കത്തിൽ ക്ഷണമില്ലാതിരുന്ന ഇരുവരും എങ്ങനെ പങ്കെടുത്തുവെന്ന ചോദ്യമാണ് ഉന്നയിച്ചത്. യൂത്ത് ലീഗ് നേതൃയോഗത്തിൽ ലീഗ് നേതൃത്വത്തിനും കുഞ്ഞാലിക്കുട്ടിയുടെ മടങ്ങിവരവിനുമെതിരെ രൂക്ഷ വിമർശനം ഉയർന്നിരുന്നു. ഈ വികാരം പക്ഷേ പി.കെ ഫിറോസിന്റെ പ്രസംഗത്തിൽ ഉണ്ടായില്ല.